പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3197 21.06.2013 – ൽ മറുപടിയ്ക്ക്

**കാരുണ്യ നിക്ഷേപ പദ്ധതി**

ചോദ്യം

ഉത്തരം

ശ്രീ. പി. ഉബൈദുള്ള

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാരുണ്യ നിക്ഷേപ പദ്ധതി വിശദീകരിക്കാമോ ; | (എ) യും (ബി) യും | കാരുണ്യ നിക്ഷേപ പദ്ധതി പ്രകാരം ജീവകാരുണ്യ പ്രവർത്തനത്തിലേർപ്പെടാൻ താൽപ്പര്യമുള്ളവർക്ക് 1 ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ അടുത്തുള്ള ട്രഷറിയിൽ നിക്ഷേപിക്കാനും ഒരു വർഷം തികയുമ്പോൾ സ്ഥിര നിക്ഷേപത്തിനുമേൽ ലഭിക്കുന്ന പലിശയും സർക്കാർ ഇൻസന്റീവും അടക്കം 15 % വരുന്ന തുക (1 ലക്ഷത്തിനു 15,000/-) സാമൂഹ്യനീതി വകുപ്പ് തെരഞ്ഞെടുത്ത് നൽകുന്ന ഗുണഭോക്താവിനോ നിക്ഷേപകർ തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിനോ നൽകുന്നു. പദ്ധതിയുടെ ആനുകൂല്യം എല്ലാ ശാരീരിക / മാനസിക വൈകല്യമുള്ളവരായ 5 മുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്കാണ് ലഭ്യമാകുന്നത്. പദ്ധതി പ്രകാരം ലഭ്യമാകുന്ന തുക ഓർഫനേജ്/ സ്പെഷ്യൽ സ്ക്കൂൾ / സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അന്തേവാസികളായവർക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്ക്/ സർജറിക്ക്/ ഉപകരണങ്ങൾക്ക്/വസ്ത്രം/പോഷകാഹാരം/കമ്പ്യൂട്ടർ തുടങ്ങിയവയ്ക്ക് വിനിയോഗിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി വഴി ഇപ്പോൾ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം ; | | |
| (സി) | പദ്ധതിയുടെ ആനുകൂല്യം 18 വയസ്സിനു മുകളിലുള്ളവർക്കു കൂടി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പദ്ധതിയുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കേരള സാമൂഹ്യസുരക്ഷാ മിഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ ? | (ഡി) | ഇല്ല |

R. Vijayan

സെക്ഷൻ ഓഫീസർ